Now, I come to a group of departments which I designate as development departments; agriculture, industries, fisheries, co-operation and depressed classes. The depressed classes department may be special to us, but otherwise almost all administrations in India have neglected these departments for years subject to notable exceptions like the Mysore Industries Department. And that is really curious because these are the departments connected with the wealth-producing agencies of the nation. There is however a plausible explanation for such past history. It is only a peoples' government, realising its responsibility for the economic well being of a nation, that can take the risk of directly entering the economic field. So till now these departments were looked upon as adornment for the administration reports. But we must turn a new chapter now.

Let me first deal with the department for the uplift of the depressed classes. If a nation or state feels that there is a section of its population that should be designated as depressed, then it becomes that nation's or State's paramount duty to see that that portion of the population is brought to the level of others within a reasonable time. The 1122 administration report says: "Uplift working among the depressed classes has been systematically carried on in the State for nearly two decades". That itself reveals the failure of the Department, because if the so-called uplift work was sincere, the Government would have been able to abolish the department before 20 years. The 1941 census shows the population of this community to be 1,75,000. We propose to spend Rs. 1,82,000 *i.e.*, about one rupee per head per year. To be frank, Mr. President, Sir, this appears to be somewhat of an eye-wash. In another portion of the administration report the official chronicler lists the various boons conferred upon these people. The list is impressive—literary education, industrial education, house sites, colonies, water supply, co-operative societies, etc., etc., and all this at a cost of one rupee per head per year. For example, industrial education for the benefit of this community which form 12½ per cent of our total population consisted in a stipend of Rs. 2 per mensem to 23 pupils. This is all wrong. We must do far more for this community and see that at least in another 10 years there is no depressed class as such amongst us.

Agriculture on which 80 per cent of the population depends gets a grant of 6·8 lakhs out of 462 lakhs. Well, so far so good. And the only useful item seen under this heading is 2·66 lakhs for seed and manure. Just one small details will reveal the lack of vision on the part of the administration. If we look at the heading "miscellaneous" in the budget, we find three figures:

Political	...	2,27,750
Sanskrit literature	..	1,00,000
Food production measures	..	1,697

So that when we spend 2 lakhs to entertain State guests and one lakh for sanskrit, we can afford to spend only 1,600 for food production. What is still more facinating is that this Rs. 1,600 ear-marked for food production is to be spent as salary and allowances of a clerk and a peon I hope, Mr. President, Sir, I am not not being too bitter. I am only anxious that I should add my bit to encourage the launching of a real grow-more-food campaign in the State. No doubt we have the Peechi and other irrigation schemes in hand and we all hope for big results. But there are many other things to be done immediately like minor irrigation, manure subsidy, live-stock, etc., etc. A powerful agency should be created to go all out to help the agriculturists. Of course we can never be self-sufficient in food at least for years and fresh acreage is not plenty. But still much can be done even now. For example, I do not think anything has been done with the lands opened up by the Anamalais Road. Why? I ask. In this House a Prajamandal Minister was asked this question; and the then answer was that the matter was in the contemplation of Government. That was 2½ years ago. And Mountbatten partitioned India in 2½ months.

LIBRARY ARCHIVES Kerala Legislative Assembly

The anticipated income to the national exchequer from our department of industries is Rs. 11,600 of which 400 is to come from Trade Marks Fees. Again, what does the department do ? It runs 38 schools out of which 21 are aided each receiving the paltry sum of about Rs. 400 a year. And I believe Rs. 1,600 is spent for scholarships. What is really needed is that Government, even at the risk of loss, should take the initiative to get new industries started. And unless we begin to develop even now, where would be the scope for consumption of power when the Poringalkuthu scheme is completed ? Again the clever carpenter who makes those beautiful toy elephants at Perumanam and the weaver who makes those beautiful rattan mattings of Chittur, are not the product of any industrial school. This is our native genius. Only an agency is required to organise these industries, develop them and find markes outside Cochin and in foreign countries.

The chapter on fisheries in the 1122 administration report begins like this: "Cochin with its land-locked lagoons and long stretch of coast line, has been noted for fisheries from time immemorial" Mr. President, Sir, we all agree.

Mr. President: The Hon'ble Member has got only one more minute.

Dr. C. L. Joseph *(Irinjalakkuda):* I will come to the close then. I am sorry to use so much of your time.

Before sitting down, I would sound a note of caution to the Ministry in power, only in a friendly spirit. Recently the Congress Ministry in another Indian State got the following admonition: "Through the A.M.C.C. meetings it has impressed on the Ministry the urgency and necessity of formulating sound administrative policies so as to serve the people in the agricultural, industrial and other fields of life. But such policies have not matured. Meanwhile, the services are deteriorating; production is decreasing; prices are ruling high and the common feels his present condition is worse than what it was in the pre-freedom days". And these words were uttered not by an opponent of the Congress but by the President of the State Congress of that jurisdiction. Those words,-Mr. President, Sir, echo the impatience and the tempo of the common man during these difficult post-war days. May the Ministry in Cochin never come to deserve such a criticism.

മിസ്റ്റർ കെ. എച്ച്. മുഹൈമാൻ: മിസ്റ്റർ പ്രസിഡണ്ട്, സർ, എനിക്കു മുമ്പു പ്രസംഗിച്ച മാന്യൻ തന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തു് മന്ത്രിസഭയ്ക്കായി നൽകിയ ആതാക്കീതു കേട്ടതിനു ശേഷമാണു് എന്റെ പ്രസംഗം ആരംഭിക്കുവാൻ പോകുന്നതു്. ആതാക്കീതു് ഇന്നു ഈ നാട്ടിലുള്ള യഥാർത്ഥസ്ഥിതി എന്താണെന്നുള്ളതു് പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ പാടവത്തോടുകൂടി ഈ നാടിന്റെ സാമ്പത്തിക ഭദ്രതക്കു് താല്പര്യമായി ആവശ്യമുള്ള കാര്യങ്ങളാണു് ഈ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് എന്നുള്ള രൂപത്തിൽ ഇവിടെ സമർപ്പിച്ചിട്ടുള്ള ബഡ്ജറു് നാമെല്ലാം ആഗ്രഹിക്കുന്ന സഹകരണമനോഭാവത്തോടുകൂടി എത്തിക്കുവാൻ അല്പം പോലും വഴിതെളിക്കുന്നില്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ഏതു മാസങ്ങൾക്കു ശേഷമാണു് ഈ നാട്ടിലെ ബഹുജനപ്രതിനിധികൾ ബഡ്ജറു് നിരൂപണത്തിനു വേണ്ടി ഇവിടെ ഇപ്പോൾ സമ്മേളിച്ചിട്ടുള്ളതു്. ഏതു മാസങ്ങൾക്കുശേഷം കൊച്ചിരാജ്യത്തെ സംബന്ധിച്ചും അതിനു പുറത്തുള്ള ദേവിഭാഗങ്ങളെ സംബന്ധിച്ചും അപ്രതീക്ഷിതങ്ങളായ പല മാറ്റങ്ങളും വന്നുകഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഒരു ജനകീയ മന്ത്രിസഭയാണു് ഇവിടെ നിലകൊള്ളുന്നതു്. ഒരു ജനകീയബഡ്ജറായിരിക്കും ഉന്നയിക്കപ്പെടുവാൻ പോകുന്നതു് എന്നുള്ള പ്രതീക്ഷയിൽഇരുന്ന ഇവിടത്തെ ജനങ്ങൾക്കു സുന്ദരങ്ങളായ പല പ്രതീക്ഷകളും പല പ്രത്യാശകളും ഉണ്ടായിരുന്നു. എന്നാൽ ഈ നാടിന്റെ അവസ്ഥ നോക്കുമ്പോൾ ന്യായമായും ഒരു ജനകീയ മന്ത്രിസഭയിൽനിന്നു ഇവിടത്തെ ജനങ്ങൾക്കു ഇങ്ങിനെ ചില പ്രതീക്ഷകളെല്ലാം ഉണ്ടാകുന്നതിൽ യാതൊരു അബദ്ധവുമുണ്ടെന്നു തോന്നുന്നില്ല. ജനങ്ങളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന ഈ സഭയിലെ അംഗങ്ങൾക്കെല്ലാം ഈ നാട്ടിലുള്ള ജനങ്ങളുടെ യഥാർത്ഥമായിട്ടുള്ള നിലയെന്താണെന്നു് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. എവിടെ നോക്കിയാലും തൊഴിലില്ലായ്മ, പട്ടിണി ഇതിന്റെ രോദനമാണു് നമുക്കു് കേൾക്കുവാൻ കഴിയുന്നതു്. ജനങ്ങളെല്ലാം അതിയായി സ്നേഹിച്ചു് അധികാരത്തിൽകൊണ്ടുവന്ന ഈ മന്ത്രിസഭയിൽനിന്നു അതുകൊണ്ടു തികച്ചും ഒരു പരിഹാരം ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ നാടിന്റെ സാമ്പത്തിക ഭദ്രതക്കു് പെട്ടെന്നുള്ള പരിവർത്തനങ്ങൾ ഒരു പക്ഷേ ദോഷകരമായിതീർന്നേക്കാമെന്നുള്ള അഭിപ്രായത്തോടുകൂടിയാണു് ഈ ബഡ്ജറു് തയ്യാറാക്കിയിട്ടുള്ളതെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. H. Sulaiman]

ണ്" എനിക്ക മനസ്സിലാക്കുവാൻ കഴിയുന്നതു". അതേ അവസരത്തിൽതന്നെ ഇവിടത്തെ സാമ്പത്തികഭാവി ശ്രുപീകരിക്കുവാൻ കൊണ്ടുവന്നിട്ടുള്ള മാർഗ്ഗങ്ങളിൽ ജനങ്ങൾക്ക ഉപകാരമുണ്ടാകത്തക്ക വിധത്തിലുള്ള പദ്ധതികളൊന്നും കാണാതെകണ്ട് ജനങ്ങൾക്ക കൂടുതൽ ഭാരംമാത്രം ഉണ്ടാകത്തക്കവിധത്തിലുള്ള ചില പദ്ധതികൾ സ്വീകരിച്ചിട്ടുള്ളതായിട്ടാണ് കാണുവാൻ കഴിയുന്നതു". ഇപ്പോൾ ചില പുതിയ നികുതി മുമത്തുവാൻ പോകുന്നതായി നമുക്ക കാണാം. അതായതു് സെയിൽസ് ടാക്സ്"; ഇൻകംടാക്സ്"; അതുപോലെ അഞ്ചൽ കാർഡുകളുടെ വില വർദ്ധനവു". ഇൻകംടാക്സ് വർദ്ധിപ്പിച്ചതു നന്നായിട്ടുണ്ട്". ഇതിൽപരം കഷ്ടതരമായിട്ടുള്ള ഒരു സംഗതി ഈ സാമ്പത്തിക വിഷമാവസ്ഥയിൽ വേറെയില്ല. റിട്രഞ്ചുമെൻറുകൊണ്ടുവന്ന ജനങ്ങളെ ഉപദ്രവിക്കുന്നുണ്ട്. എന്നാൽ അതു അഹിക്കുന്ന തരത്തിൽ പ്രായോഗികമാക്കിയാൽ തരക്കേടില്ല. ഇൻകംടാക്സിനെ അടിസ്ഥാനപ്പെടുത്തി ഫ ഫ ലക്ഷം പിരിച്ചെടുക്കുവാനായി ത്വരിതമാർഗ്ഗം എടുത്തു കാണുന്നുണ്ട്. സാമ്പത്തികമായി വളരെ കഷ്ടസ്ഥിതിയുള്ള ഈ സന്ദർഭത്തിൽ ത്വരിതമായി ഫ ഫ ലക്ഷം ഇങ്ങനെ പിരിച്ചെടുക്കുകയാണെങ്കിൽ ഇവിടത്തെ നഷ്ടം സഹിച്ചു കഷ്ടപ്പെടുന്ന അനേകം ചെറുകച്ചവടക്കാരുടെ സ്ഥിതി കുറച്ചുകൂടി വഷളായി തീരുവാനേ മാർഗ്ഗമുള്ളൂ. ഈ വിഷയത്തിൽ ഔചിത്യദീക്ഷ വേണം. പല മെമ്പർമാരും ഈ നാട്ടിൽ ഇൻഡസ്ട്രീസ് വളർത്തുവാനും അതുവഴി അഭിവൃദ്ധിയുണ്ടാക്കുവാനുമുള്ള മാർഗ്ഗങ്ങളും അവരുടെ പ്രസംഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഏതു നല്ലകാര്യവും പ്രവർത്തിയിൽ കൊണ്ടുവരുവാനായി പ്രതിബന്ധമായിട്ടു നിൽക്കുന്നതു ഗവൺമെണ്ടിന്റെ ട്രഷറിയിൽ പണത്തിന്റെ അഭാവമാണ്. അതു ശരിയായിട്ടുള്ള ഒരു കാര്യവുമാണ്. പക്ഷെ എല്ലാ സംഗതികൾക്കും പണം മാത്രമാണ് മാനദണ്ഡമെന്നു വിചാരിക്കുന്നതു ശരിയല്ല. ഇവിടെ നല്ല ആത്മശക്തിയുണ്ട്. ഈ ചെറിയ നാട്ടിൽ ഫ ൽ ലക്ഷത്തോളം ജനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അതുപോലെ തന്നെ പ്രകൃതിവിഭവങ്ങളെകൊണ്ടു് നമ്മുടെ നാടു് സമ്പന്നമാണ്. ഈ രണ്ടു സംഗതികളും ഒരു സ്ഥിതിസമത്വഭാവേന സംഘടിപ്പിച്ചുകൊണ്ടു് ഈ നാട്ടിലെ ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവൃത്തിക്കുകയാണെങ്കിൽ പണത്തിന്റെ അഭാവം ഒരു വലിയ കാര്യമായി നമുക്കു തോന്നുകയില്ല. എന്നാൽ ഫ ൽ ൦ കൊല്ലക്കാലം നീണ്ടുനിന്ന ചില പഴയ സമ്പ്രദായത്തിന്റെ പിന്നാലെ വന്ന ഈ ജനകീയ ഗവൺമെണ്ടിനു അത്ര പെട്ടെന്നു ഒരു മാറ്റം വരുത്തുവാൻ സാധിക്കുമെന്ന വിശ്വാസം എനിക്കില്ല. എങ്കിലും അളുകളുടെ പ്രതീക്ഷകളെല്ലാം തകർന്നുപോയിക്കൊണ്ടിരിക്കുകയാണു് എന്ന മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, മുറവിളി മാത്രമല്ല അവരുടെ നിലനിൽപുതന്നെ തകർന്നുപോകുന്ന ഈ അവസരത്തിൽ, അല്പംപോലും ആശയും ആശ്വാസവും ഉണ്ടാകാത്ത വിധത്തിലുള്ള ഒരു സാമ്പത്തിക ഭരണസമ്പ്രദായമാണു് വ മാസത്തേക്ക ഈ നാട്ടിൽ നടപ്പിൽ വരുത്തുവാൻ പോകുന്നതു് എന്നു കേൾക്കുമ്പോൾ ഒരു വലിയ അസ്വസ്ഥതതന്നെയായിക്കും ജനങ്ങളിൽ ഉണ്ടാകുക. ഇതു് ഒരു പക്ഷെ താല്ക്കാലിക ബഡ്ജറാണെന്നു പറഞ്ഞേക്കാം. എങ്കിലും ഇന്നത്തെ നിലക്ക ഈ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സമ്പ്രദായങ്ങൾ, സാമ്പത്തികഭാവിയെ നിയന്ത്രിക്കുവാനുള്ള മാർഗ്ഗങ്ങൾ, ഇവിടെയുള്ള പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിധത്തിലായിതീർന്നിട്ടുണ്ടെന്നു എനിക്ക തോന്നുന്നില്ല. ഇവിടെ ഏറ്റവും അത്യാവശ്യമായിട്ടുള്ളതു് തൊഴിലില്ലായ്മക്ക ഒരു പരിഹാരം കാണുകയാണു്. ആ സംഗതിക്ക ഒരു മാർഗ്ഗം നാം കണ്ടുപിടിക്കുന്നപക്ഷം ഏറ്റവും കഠിനമായിട്ട ഭയപ്പെട്ടുകൊണ്ടിരിക്കുന്ന പട്ടിണിയും അതിനോടു് അനുബന്ധിച്ചിട്ടുള്ള മറ്റു ദുരിതങ്ങളുമെല്ലാം നാമാവശേഷമായി തീരുന്നതാണു്. എനിക്കറിയുവാൻ സാധിച്ചിട്ടുണ്ടു് ഇവിടത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇവിടെയുള്ള പല അളുകളും തൊഴിലില്ലായ്മക്ക് ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നു പറഞ്ഞു മന്ത്രിമാരെ സമീപിച്ചിട്ടുള്ളതായി. ഓരോ പ്രാദേശിക കാര്യങ്ങളേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി അവിടെ ഇന്നതു ചെയ്യാൽകൊള്ളാം ഇവിടെ ഇന്നതു ചെയ്യാൽകൊള്ളാം എന്നു ഓരോ കാരണങ്ങളും കാണിച്ചുകൊണ്ടു് അടിയന്തിരമായി മന്ത്രിമാരുടെമുമ്പിൽ കൊണ്ടുവന്നിട്ടുള്ളതു് അവരുടെ പട്ടിണിക്ക ഒരു അറുതി വരുത്തുവാൻവേണ്ടി മാത്രമാണു്. അപ്രകാരം മന്ത്രിമാരെ സമീപിച്ചിട്ടുള്ള പല അളുകളേയും എനിക്കു കാണ്മാൻകഴിഞ്ഞിട്ടുണ്ടു്. ഇന്നു ജനങ്ങളുടെ ട്രഷറിയിൽ ഏറ്റവും വേഗത്തിൽ പെട്ടെന്നു ഒന്നാണു് ഇവിടത്തെ ഫസ്റ്റ് ഡിപ്പാർട്ടുമെണ്ടു്. ഒരു ലക്ഷം ഉറുപ്പികയോളം ഒരു കൊല്ലത്തിൽ ഗവൺമെണ്ടിനു സഹായധനത്തിന്റെ പേരിൽ ഇവിടെത്തെ ജനങ്ങൾക്ക ഭക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുന്നതിന്ന് ചിലവാക്കേണ്ടിവരുന്നുണ്ട്. എന്നിട്ടും ഹൃസ്വ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം കാര്യക്ഷമമാണെന്നു പറയുവാൻ നിവൃത്തിയില്ല. ഇത്രയും കൂടുതൽ ഒരു സംഖ്യ ഈ വിഷയത്തിലേക്കു ചിലവഴിക്കുവാൻ ഇടവന്നിട്ടുള്ളതു് അനാവശ്യമായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ആധിക്യം, അവിടെയുള്ള ഭരണക്രമക്കേടു്, ഇവകൾ സംഗതികളാണെന്നാണു് എനിക്കു തോന്നുന്നതു്.

ബലഹീനമായ ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെണ്ടിനെ അപേക്ഷിച്ചു വലിയ വെറുപ്പുള്ള ഒരു ജനവിഭാഗമാണു് ഇവിടത്തെ ലേബറേഴ്സ്. തൊഴിലാളികളുടെ കാര്യത്തെ സംബന്ധിച്ചു നിലവിൽ പല നിയമങ്ങളുണ്ടെങ്കിലും അവർ ആഗ്രഹിക്കുന്നവിധത്തിലുള്ള പരിഹാരമാർഗ്ഗങ്ങളും അവരുടെ സങ്കടങ്ങളും നോക്കുമ്പോൾ ഉണ്ടാകുന്നില്ലെന്നുള്ള ഒരു നിരാശയാണു് തൊഴിലാളികളിൽ അധികമായി കാണുന്നതു്. ജനസംഖ്യയിൽ ഏകദേശം 80 ശതമാനത്തിൽ കൂടുതൽ തൊഴിലാളിവിഭാഗത്തിൽ തന്നെ പെടുമെന്നാണു് എനിക്കു തോന്നുന്നതു്. ഇത്രയും വലിയ ഒരു വിഭാഗത്തിന്റെ സ്ഥിതി ഉയരത്തക്കവിധത്തിലുള്ള രീതിയിൽ ഇവിടത്തെ ഭരണയന്ത്രം തിരിഞ്ഞുപോകുന്നില്ലെങ്കിൽ ഈ നാട്ടിലെ സമാധാനത്തിനു ഭാവിസൂചന നൽകുന്നതല്ല.

പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും വേഗം പെടുന്ന ഒരു ഡിപ്പാർട്ടുമെണ്ടാണു് പോലീസ് ഡിപ്പാർട്ടുമെണ്ടു്. പോലീസിനെ സംബന്ധിച്ചു പലവിധത്തിലുള്ള ആവലാതികളും കേൾക്കുന്നുണ്ടു്. ലോക്കപ്പു് മർദ്ദനം, അതുപോലെതന്നെ പോലീസ് സ്റ്റേഷനിൽ വെച്ചു മറ്റു പലവിധത്തിലുള്ള കഷ്ടതരമായിട്ടുള്ള പെരുമാറ്റങ്ങളും. ഇങ്ങിനെയുള്ള സംഗതികളും പേപ്പർ മുഖേനയും സംഭാഷണം മുഖേനയും നമുക്കു കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഇവകൾ സംഗതികളെല്ലാം ശരിയായി നിയന്ത്രിച്ചുകൊണ്ടുപോകാത്തപക്ഷം ഇവിടത്തെ ജനങ്ങളുടെ അസ്വസ്ഥത വർദ്ധിക്കുവാൻ മാത്രമാണു് ഇടവരുന്നതു്.

ഈ ബഡ്ജറിനെ സംബന്ധിച്ചു് എനിക്കുള്ള അഭിപ്രായം അത്ര തൃപ്തികരമല്ല. ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ ഒരുപക്ഷേ ഒരു സാമ്പത്തികവിദഗ്ദ്ധന്റെ ദൃഷ്ടിയിൽകൂടി നോക്കുമ്പോൾ ഇതു ശരിയായിരിക്കാം. ചില അടിയന്തരമായിട്ടുള്ള നടപടികളും ചില പ്രത്യേകസന്ദർഭങ്ങളിൽ എടുക്കേണ്ടതായിട്ടുമുണ്ടു്. ഒരു യുദ്ധകാലപരിതഃസ്ഥിതിയുണ്ടാകുമ്പോൾ അതിന്നു ചില പ്രത്യേകനടപടികളും ക്രമങ്ങളും നാം സ്വീകരിക്കേണ്ടിവരുന്നതുപോലെ ഇന്നത്തെ സാമ്പത്തികമായ കുറവിനെ പരിഹരിക്കുവാനായി അടിയന്തിരവും പ്രത്യേകവുമായ നടപടികൾ സ്വീകരിക്കയാണെങ്കിൽ നാം ഉദ്ദേശിക്കുന്ന പ്രവൃത്തികളെല്ലാം നടപ്പിലാക്കുവാൻ സാധിക്കുന്നതാണു്. പണമില്ലെന്നുള്ള കാരണത്താലാണു് സമുദായത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ആളുകളെ ബാധിക്കുന്നതരത്തിൽ നികുതി പിരിക്കുന്നതു്. എത്ര നികുതി ചുമത്തിയാലും നഷ്ടപ്പെടുവാനിടയാകാത്ത അധികം ആളുകൾ ഈ നാട്ടിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടു്. അങ്ങിനെയുള്ള ആളുകളെ പിടിച്ചെങ്കിൽ മാത്രമെ സഹകരണയോഗക്ഷേമം യഥാർത്ഥത്തിൽ നടപ്പിലാക്കുവാനുള്ള മാർഗ്ഗങ്ങളും പ്രായോഗികമാക്കാൻ സാധിക്കയുള്ളൂ.

മിസ്റ്റർ എം. കെ. മേനോൻ: സർ, കൊച്ചിയുടെ ചരിത്രത്തിൽ ഇപ്പോഴെങ്കിലും പ്രായപൂർത്തി വോട്ടവകാശ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു നിയമസഭ നമ്മുടെ ബഡ്ജറിനെക്കുറിച്ചു ചിന്തിക്കുവാൻ തുടങ്ങുന്നു എന്നതു നമുക്കെല്ലാവർക്കും സന്തോഷപ്രദമായ ഒരു സംഗതിയാണു്. ഇന്നലെ ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറിന്റെ നാനാവശങ്ങളേയും കുറിച്ചുള്ള നിഷ്കൃഷ്ടമായ വിശകലനം ചെയ്യണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഒരു പുതിയ വീക്ഷണകോണത്തിൽകൂടിയാണു് ഞാൻ ഈ ബഡ്ജറിനെ കാണുന്നതു്. ഇക്കൊല്ലത്തിൽ നാലു മാസം കഴിഞ്ഞതിനുശേഷമാണു് ബാക്കിയുള്ള എട്ടു മാസത്തേക്കുള്ള കണക്കുകൾ തയ്യാറാക്കേണ്ടിവന്നിട്ടുള്ളതു് എന്നതുതന്നെ നമ്മുടെ രാജ്യത്തെപ്പോലെയുള്ള ഒരു ചെറിയ 'സാമ്പത്തികഘടക'ത്തിന്റെ സാമ്പത്തികഭദ്രതയെ സാരമായി ബാധിക്കുന്ന ഒരു കാര്യമായിരുന്നിട്ടുകൂടി കമ്മിയില്ലാത്ത ഒരു ബഡ്ജറു് ഈ സഭയുടെ മുമ്പാകെ സമർപ്പിക്കുവാൻ കഴിഞ്ഞ ധനനിയമമന്ത്രിയെ ഞാൻ അനുമോദിക്കുന്നു.

സർ, ഈ ബഡ്ജറു കഴിഞ്ഞകാലങ്ങളിലെ ബഡ്ജറുകളുടെ പാരമ്പര്യത്തെ നമ്മെ അനുസ്മരിപ്പിക്കുന്നു. രാഷ്ട്രീയമായി നമ്മുടെ രാജ്യം പുരോഗമിച്ചതിനോടൊപ്പം നമ്മുടെ സാമ്പത്തികവും സാമൂഹ്യവുമായ കഴിവുകളും വികസിച്ചിട്ടില്ലെന്നു് ഈ ബഡ്ജറു നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ നാട്ടിൽ ഇതുവരെ നടന്നുവന്നിരുന്നതുപോലെയുള്ള അവ്യക്തവും അനി

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Menon]

ത്വിതവുമായ ഒരു വ്യവസ്ഥിതിയുടെ കീഴിൽതന്നെയാണ് നാം ഇന്നും നിലനിന്നുപോരുന്നതെന്നു് അതു നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. കൊച്ചിയെപ്പോലെ ഭരണപരമായി (Administrative) ഉയർന്നിട്ടുള്ള ഒരു രാജ്യത്തിൽ കൂടുതൽ കാര്യക്ഷമമായ അഭിവൃദ്ധിയും ക്ഷേമവും ഉണ്ടാകണമെങ്കിൽ അതിനു വ്യക്തമായ പരിപാടിയും പ്ലാനിങ്ങും അത്യാവശ്യമാണെന്ന നിഗമനത്തിലേക്കു നമ്മെ നയിക്കുന്നു. നമ്മുടെ നാട്ടിലും ഇന്ത്യയിലും ഇതുവരെ നടന്നുവന്നിരുന്ന ഭരണസമ്പ്രദായത്തിന്റെ ലക്ഷ്യം മൌലികമായി ഇന്നാട്ടിന്റെ അഭ്യുന്നതി മാത്രമായിരുന്നില്ലെന്നതുകൊണ്ടു് ആ ഭരണകർത്താക്കൾക്കു പ്ലാനിങ്ങ് ആവശ്യമുണ്ടായിരുന്നില്ല. ആധുനികലോകത്തിൽ ഗവൺമെണ്ടിനെക്കുറിച്ചുള്ള വിവക്ഷകൾതന്നെ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്. ജനസഞ്ചയത്തിന്റെ സാമ്പത്തികവും, സാമൂഹ്യവും, രാഷ്ട്രീയവും, സാംസ്കാരികവും എന്നുവേണ്ട എല്ലാ തുറകളിലുമുള്ള അഭിവൃദ്ധി ഇന്നത്തെ ഗവൺമെണ്ടുകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. അതുകൊണ്ടു് ഗവൺമെണ്ടുകൾക്കു കൂടുതൽ ഉത്തരവാദിത്വവും ഭാരവും സ്വാഭാവികമായിത്തന്നെ വന്നുകൂടിയിട്ടുണ്ടു്. നമ്മുടെ ലക്ഷ്യം സുഖവും സമൃദ്ധിയുമുള്ള ഒരു രാജ്യത്തെ സൃഷ്ടിക്കലാണെന്നതുകൊണ്ടു് ആ ലക്ഷ്യത്തിൽ എത്താൻ വേണ്ട മാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിച്ചു് അവിടെ എത്താനുള്ള പരിശ്രമമാണു് ഗവൺമെണ്ടും ജനങ്ങളും ഒത്തൊരുമിച്ചു ചെയ്യേണ്ടതു്. ഇന്നു നാം യാത്രചെയ്യുന്നമാതിരി പോയാൽ എത്രത്തോളം നമുക്കു് ആ ലക്ഷ്യത്തിൽ എത്താൻ കഴിയും? ലോകത്തിലെ ഇതരഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള സംഭവപരമ്പരകളും നമ്മുടെ കൺമുമ്പിൽ നമുക്കു പഠിക്കുവാനും, പകർത്താനും ഉള്ള പാഠങ്ങളും നിരത്തിവെക്കുന്നില്ലേ? തീച്ചയായും ഉണ്ടു്. നമ്മുടെ രാജ്യത്തു ചില്ലറ ചില്ലറഗന്ധുകളായി വരുത്താവുന്ന പരിഷ്കാരങ്ങളുടെ അന്ത്യം നാം കണ്ടുതുടങ്ങിയിരിക്കുന്നു. നമുക്കു് ഇനി പുരോഗമിക്കാൻ ആ മാർഗ്ഗം പറ്റിയതാണോ എന്നു നാം ചിന്തിക്കണം. നമ്മുടെ രാജ്യത്തെപ്പോലുള്ള ഒരു 'ഒതുങ്ങിയ ഘടകത്തിനു്' സാമ്പത്തികമായി എത്രതന്നെ ദോഷങ്ങൾ ഉണ്ടാവുമെന്നിരുന്നാലും വളരെ വേഗത്തിൽ വളരുവാനും, വികസിക്കുവാനും കഴിയും. ഇന്നത്തെ ബഡ്ജറ്റിൽ ഞാൻ എത്രതന്നെ ഗുണങ്ങൾ കാണുന്നുണ്ടെങ്കിലും അതിൽ പ്ലാനിങ്ങിന്റെ ലക്ഷണം എനിക്കു് കാണാൻ കഴിയുന്നില്ല.

സർ, ജനോപകാരപ്രദങ്ങളായ പല വകുപ്പുകളും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ടു്. പക്ഷെ അവ തമ്മിൽ വേണ്ടതുപോലുള്ള ഒരു ഏകീകരണം (co-ordination) കാണുന്നില്ല. മനുഷ്യനെ സാമ്പത്തികമായും, സാമൂഹ്യമായും മറ്റും ഉയർത്തുവാൻ സഹായിക്കുന്ന ചുമതലകളാണു് പല വകുപ്പുകൾക്കും ഉള്ളതു് എന്നിരുന്നിട്ടുകൂടി അവ തമ്മിൽ വേണ്ടതുപോലുള്ള ബന്ധം പുലർത്തി പോരാത്തതുകൊണ്ടു് നമുക്കു സമയനഷ്ടവും സാമ്പത്തിക നഷ്ടവും പല പ്പോഴും അനുഭവപ്പെടുന്നു. നമ്മുടെ നാട്ടിലുള്ള എല്ലാവിധ കഴിവുകളും കേന്ദ്രീകരിച്ചു് ഒരു നിശ്ചിത സമയത്തിനുള്ളിൽ ഇന്നിന്ന കാര്യങ്ങൾ സാധിക്കണം എന്ന ദൃഢനിശ്ചയത്തോടുകൂടി നാം മുന്നോട്ടു പോകുമ്പോൾ ശ്രമിക്കേണ്ടതു്. വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ രാജ്യം അടുത്തുള്ള തിരുവിതാംകൂറിനേയും മലബാറിനേയും അപേക്ഷിച്ചു എത്രയോ മുന്നിലാണു്. എന്നാൽ വിദ്യാഭ്യാസ വകുപ്പിനു ശരിയായിട്ടുള്ള പ്ലാൻ ഇല്ലാത്തതുകൊണ്ടു് നമുക്കു പല നഷ്ടങ്ങളും സംഭവിക്കുന്നുണ്ടു്. വിദ്യാഭ്യാസ വിഷയത്തിൽ നമ്മുടെ ലക്ഷ്യം എന്താണു് എന്നു തീച്ചയാക്കാതെ കണ്ടമാനം സ്കൂളുകളും കോളേജുകളും വളർന്നു വരുവാൻ അനുവദിച്ചാൽ അതുകൊണ്ടു് ഒരു രാജ്യത്തിനു് ആവശ്യമായ വിദ്യാഭ്യാസ സൌകര്യങ്ങളാവുകയില്ല നമുക്കു സിദ്ധിക്കുന്നതു്. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും പ്ലാൻ ചെയ്യുന്നതു രാജ്യത്തിന്റെ ഒട്ടാകെയുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലാകണമെന്നില്ല. ഉദാഹരണമായി നമ്മുടെ നാട്ടിൽ ഇന്നു Arts College-കളും ധാരാളം വളർന്നു വന്നിട്ടുണ്ടു്. അതേ സമയത്തു നമ്മുടെ നാട്ടിലുള്ള വിദ്യാർത്ഥികൾക്കു് സാങ്കേതിക വിദ്യാഭ്യാസ സൌകര്യങ്ങൾ വളരെ വിരളമാണു്. അതുപോലെതന്നെ രാജ്യത്തിന്റെ ചില പ്രദേശങ്ങളിൽ സ്കൂളുകൾ ധാരാളത്തിലധികമുള്ളപ്പോൾ മറ്റു ചില പ്രദേശങ്ങളിൽ സ്കൂളുകൾ നന്നേ കുറവാണു്. നമ്മുടെ കൃഷിഡിപ്പാർട്ടുമെണ്ടു് ഇവിടെ പ്രവർത്തിക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതും കടന്നു പോയി കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ നാം ശാന്തമായി, കൃഷിഡിപ്പാർട്ടുമെണ്ടുകൊണ്ടു് ഇവിടത്തെ സാധാരണ കൃഷിക്കാരനു് എന്തു മെച്ചമാണു് ഉണ്ടായിട്ടുള്ളതെന്നു ചിന്തിച്ചാൽ അതു് അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഉണ്ടായിട്ടില്ലെന്നു സമ്മതിക്കേണ്ടിവരും. വ്യവസായ വകുപ്പു് ഈ കുറെ കൊല്ലങ്ങൾക്കുമുമ്പു് തുടങ്ങിവെ

LIBRARY ARCHIVES Kerala Legislative Assembly

ച്ച ഇൻഡസ്ട്രിയൽ സ്റ്റേറ്റുകൾ ഇന്നു നമുക്ക് ഉപയോഗപ്രദമല്ലെന്നു കാണുവാൻ സാധിക്കുന്നു. കൃഷി ഡിപ്പാർട്ടുമെണ്ടിനു അതെ അനുഭവം ഉണ്ടാവാതിരിക്കണമെങ്കിൽ നമ്മുടെ ആവശ്യത്തിനനുസരിച്ചു ആ വകുപ്പിനെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അവ നിർവ്വഹിക്കുവാനുള്ള ഉപാധികളുണ്ടാക്കുകയാണു രാജ്യത്തിനു് ഗുണകരമായിട്ടുള്ളതു്. പ്രാഥമിക വിദ്യാഭ്യാസത്തിനു സൌകര്യമില്ലാതെ നമ്മുടെ രാജ്യത്തിലെ കുട്ടികൾ അജ്ഞതയിലും, അന്ധകാരത്തിലും കിടന്നു ഉഴലുമ്പോൾ നമ്മുടെ സ്വതവൈതനെ ശോഷിച്ചു ധനസ്ഥിതിയെ അത്രതന്നെ പ്രാധാന്യമർഹിക്കാത്ത തുറകളിലേക്കു് ഒഴുക്കുവാൻ പരിശ്രമിക്കുന്നതു് ദീർഘദർശിത്വത്തിന്റെ ലക്ഷണമല്ല. സംസ്കൃത വിദ്യാഭ്യാസത്തിനു വേണ്ടി ഒരു വലിയ തുക ചിലവു ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളതായി ബഡ്ജറ്റിൽ കാണുന്നു. സംസ്കൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കേണ്ട എന്നല്ല എന്റെ വാദം. അതിനാണോ അതോ പ്രാഥമിക വിദ്യാഭ്യാസ സൌകര്യങ്ങൾക്കാണോ മുൻഗണന നല്കേണ്ടതു്? തീർച്ചയായും പ്രാഥമിക വിദ്യാഭ്യാസത്തിനു്! ഇങ്ങിനെയുള്ള പ്ലാനിങ്ങില്ലാത്ത പ്രവർത്തനങ്ങൾകൊണ്ടു നമുക്കു എത്ര സമ്പത്തും, സമയവും മാനുഷിക കഴിവുകളുമാണു് നഷ്ടമാകുന്നതു്? നമ്മുടെ വലിയ പട്ടണങ്ങൾ കഴിഞ്ഞ കുറെ കാലങ്ങളായി എന്തെന്നില്ലാതെ വികസിച്ചു വരികയാണു്. പക്ഷെ അവയുടെ വളർച്ചയ്ക്കു പ്ലാനില്ലാത്തതുകൊണ്ടു് എന്തെന്നില്ലാത്ത ദോഷം അനുഭവിക്കുന്നു. പട്ടണങ്ങളുടെ ഭംഗിക്കും, പട്ടണവാസികളുടെ സുഖസൌകര്യാദികൾക്കും പണ്ടത്തെ അധികാരി വർഗ്ഗത്തിന്റെ ഭാവനാശൂന്യമായ പ്രവർത്തികൾ പലപ്പോഴും തടസ്ഥമായിരിക്കുന്നു. മുകളിൽ പ്രതിപാദിച്ച ഉദാഹരണങ്ങൾകൊണ്ടു ഞാൻ ഗവൺമെണ്ടിന്റേയും, ഈ ബഹുമാനപ്പെട്ട സഭയുടേയും ചിന്താഗതിയെ ഒരു പുതിയ വീക്ഷണകോണിൽകൂടി തിരിച്ചുവിടുവാൻ മാത്രമാണു് ആഗ്രഹിക്കുന്നതു്. ഏതൊരു രാജ്യത്തിന്റേയും പുരോഗതി അളക്കപ്പെടുന്നതു അവിടത്തെ സ്ഥിതിവിവരക്കണക്കുകളുടെ സഹായത്താലാണു്. അതും നമുക്കു വേണ്ടപോലെയില്ല. സ്ഥിതിവിവരകണക്കുകൾ നാം വേണ്ടതുപോലെ സൂക്ഷിച്ചിരുന്നെങ്കിൽ നമുക്കു ഇന്നു കൃത്യമായി നാം എവിടെയാണെന്നു കണക്കാക്കാമായിരുന്നു. നമ്മുടെ കുറവുകളേയും, നേട്ടങ്ങളേയും കുറിച്ചുള്ള ശരിയായ രൂപം സ്ഥിതിവിവരകണക്കുകൾ നമുക്കു നൽകുമെന്നതുകൊണ്ടു് അവ നമ്മെ പുരോഗതിയിലേക്കു് നയിക്കുമെന്നതിനു സംശയമില്ല. ഈ സ്ഥിതിവിശേഷത്തിനു ഞാൻ ആരേയും ആക്ഷേപിക്കാൻ തയ്യാറില്ല. ഇന്നത്തെ നിലയിൽ നമ്മെ എത്തിച്ചതു നൂറ്റാണ്ടുകളായി നമ്മുടെ നാട്ടിൽ നിലനിന്നുവന്നിരുന്ന ഒരു രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ വ്യവസ്ഥിതിയാണു്. അതിൽനിന്നു നാം രക്ഷപ്പെട്ടതുടങ്ങിയതിന്റെ ഒരു ലക്ഷണമായിട്ടാണു് നമുക്കു രാഷ്ട്രീയ സ്വാതന്ത്ര്യം സമ്പാദിക്കാൻ സാധിച്ചതു്. ജനങ്ങൾക്കു് ഗവൺമെണ്ടു രൂപീകരിക്കാനുള്ള അധികാരം കിട്ടിയതോടുകൂടി രാഷ്ട്രീയമായി പ്രജായത്തസിദ്ധാന്തം വിജയിച്ചുകഴിഞ്ഞുവെന്നു പറയാം. എന്നാൽ സാമ്പത്തിക രംഗത്തിലേക്കു് ഡമോക്രസിയെ എത്തിക്കേണ്ട ചുമതല നമുക്കു ബാക്കിയായിട്ടാണു് കിടക്കുന്നതു്.

സാധാരണക്കാരന്റെ ജീവിതം കൂടുതൽ സുഖകരമാക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ലോകത്തിലെ മറ്റു ഭാഗങ്ങളിലുണ്ടായിട്ടുള്ള പുരോഗതിയുടെ വെളിച്ചത്തിൽ നമ്മുടെ ഗവൺമെണ്ടു് വകുപ്പുകളെ പുനഃസംഘടിപ്പിച്ചു പ്രവർത്തിക്കാൻ നാം ഇനി ഒട്ടും വൈകിച്ചുകൂടാ. നമ്മുടെ നാട്ടുകാരെ സംബന്ധിച്ചു പുറംനാടുകളിലുള്ള മതിപ്പിന്റെ മാനദണ്ഡം വെച്ചു നോക്കുമ്പോൾ ഇവിടത്തെ ഗവൺമെണ്ടിന്റെ സ്വാധീനത്തിലുള്ള ബുദ്ധിപരവും, സാങ്കേതികവുമായ കഴിവുകളെ നമ്മുടെ പൊതുനന്മയ്ക്കുവേണ്ടി ഉപയോഗിക്കാൻ നമുക്കു കഴിഞ്ഞാൽ നിശ്ചയമായും നമുക്കു് ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ വിപ്ലവപരങ്ങളായ പരിവർത്തനങ്ങൾ എല്ലാ തുറകളിലും വരുത്തിത്തീർക്കാൻ കഴിയുമെന്നു എനിക്കു് പരിപൂർണ്ണ വിശ്വാസമുണ്ടു്.

നൂറ്റാണ്ടുകളായി അസ്വതന്ത്രരായിരുന്ന ഒരു ജനാവലി ആദ്യമായി സ്വതന്ത്രരാവുകയും, തങ്ങളുടെ വിശ്വാസമാർജ്ജിച്ച സേവകന്മാർ ഭരണാധികാരത്തിൽ വരുകയും ചെയ്തതിനുശേഷവും, തങ്ങളുടെ യാതനകൾക്കു് പെട്ടെന്നു ശമനമുണ്ടായില്ലല്ലൊ എന്നു ചിന്തിക്കുവാൻ തുടങ്ങുമെന്നതിനു സംശയമില്ല. അതിൽ അസ്വാഭാവികമായി ഒന്നുംതന്നെയില്ല. അതിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടി സാധാരണക്കാരനു സുഖവും, സമൃദ്ധിയും ഉണ്ടാവുകയില്ലെന്നു വിശ്വസിക്കുകയും അതിനുവേണ്ടി പ്രചാരവേല നടത്തുകയും ചെയ്തുന്നവർ സ്വീകരിച്ച മാർഗ്ഗങ്ങളും ഉപാധികളും ഒരു മാന്ത്രിക വിദ്യയാൽ എന്നപോലെ മാറ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Menon]

ങ്ങളും ഉണ്ടാക്കിയിട്ടുള്ളതായി നമുക്കു ചരിത്രം തെളിവുതരുന്നില്ല. വ്യവസ്ഥാപിതവും, പ്രജായത്തപരവുമായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചാൽ എത്താവുന്ന ലക്ഷ്യങ്ങളിൽത്തന്നെ എത്തുവാൻ മറ്റേതുകൂട്ടർക്കും ഒട്ടും കുറവല്ലാത്ത ഒരു സമയം വേണ്ടിവന്നിട്ടുള്ളതായി നാം കാണുന്നു. ഒരു വ്യത്യാസംമാത്രം. ആ ലക്ഷ്യപ്രാപ്തിക്കു വ്യവസ്ഥാപിതമാർഗ്ഗങ്ങളും അംഗീകരിക്കുന്നവർക്ക് കൊടുക്കേണ്ടിവരുന്ന വിലയേക്കാൾ എത്രയോ മടങ്ങു വില കണ്ണീരായും രക്തമായും മറ്റേകൂട്ടർക്കു അതിൽ എത്താൻ നൽകേണ്ടിവന്നിട്ടുണ്ട് എന്നുമാത്രം.

അതുപോലെതന്നെയാണ് ജനങ്ങളുടെ ഹൃദയങ്ങളിലേക്കു ഭരണാധികാരം പകർന്നതുകൊണ്ടു് യാതൊരു ഗുണവും ഉണ്ടാകാൻപോകുന്നില്ലെന്നു അഭിപ്രായക്കാരുടെ വാദഗതിയിലും വലിയ കാമ്പുള്ളതല്ല. മുകളിൽ പറഞ്ഞ രണ്ടു മാർഗ്ഗങ്ങളും നമുക്കു സ്വീകാര്യമല്ലെന്നും ഡമോക്രസി എല്ലാ രംഗങ്ങളിലേക്കും വ്യാപിപ്പിക്കുന്ന ഒരു നൂതനമാർഗ്ഗമാണ് കൂടുതൽ പ്രയോജനപ്രദമെന്നും ലോകചരിത്രം നമ്മെ പഠിപ്പിക്കുന്ന ആ മാർഗ്ഗമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യമായ കോവാപ്പറേറീവ് കോമൺവെൽത്തു്. ആ ലക്ഷ്യപ്രാപ്തിക്കു് അനുയോജ്യമായ വിധം നമ്മുടെ ഭരണയന്ത്രത്തെ പുതുക്കുകയൊ ആവശ്യമുണ്ടെങ്കിൽ അഴിച്ചുപൂട്ടുകയൊ ചെയ്യുവാൻ അമാന്തിച്ചുകൂടാ.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with M. R. Ry. K. Kochukuttan Avl., the Hon'ble Deputy President in the Chair.

5. Congratulatory addresses to the Deputy President

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, അങ്ങയുടെ ഈ സ്ഥാനലബ്ധിയിൽ ഞങ്ങൾക്കുള്ള സീമാതീതമായ സന്തോഷത്തേയും, ചിരകാലമായി ഈ രാജ്യത്തു നിലനിന്നുവരുന്ന ഒരു പ്രത്യേക അധഃസ്ഥിത സമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടി നമ്മുടെ ഗവണ്മെണ്ടു ചെയ്തുകൊണ്ടിരുന്ന ശ്രമങ്ങളുടെ ഫലമെന്നോണം നിങ്ങൾക്കു് ഈ സ്ഥാനം ലഭിച്ചതിൽ പ്രത്യേകിച്ചു് എനിക്കുള്ള സന്തോഷത്തേയും ഇവിടെ രേഖപ്പെടുത്തികൊള്ളുന്നു. ഈ ഭാരതത്തിൽ ഒരു തീരാകളങ്കമാണ് അയിത്തവും, അവശത അനുഭവിക്കുന്ന അഞ്ചാറുകോടിയോളം വരുന്ന ജനങ്ങളുടെ അധഃസ്ഥിതിയും. അതിനു ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും മറ്റുള്ള സംഘടനകളും ചിരകാലമായി ഒരു പരിപാടിയോടുകൂടി പ്രവൃത്തിച്ചതിന്റെ ഫലമായിട്ട വന്നിട്ടുള്ള മാറ്റങ്ങളും പ്രവിശ്യകളിലും കേന്ദ്രഗവണ്മെണ്ടിലും ഉള്ളതുപോലെ ഈ ചെറുരാജ്യമായ കൊച്ചി രാജ്യത്തിലും വന്നതിൽ അഭിമാനിക്കാവുന്ന ഒരു കാര്യമായിട്ടുണ്ടു്. അതിൽ ഈ കൊച്ചിരാജ്യത്തിലെ എല്ലാ സമുദായങ്ങൾക്കും പ്രത്യേകിച്ചു് അവശസമുദായത്തിൽപ്പെട്ടവർക്കു് അഭിമാനിക്കാവുന്നതും, ചുരുങ്ങിയ കാലത്തിനുള്ളിൽ സ്ഥിതിസമതാമായ ഒരു മാറ്റം മാതൃകാപരമായി വരുത്തിതീർത്തതിൽ പാർട്ടിയുടെ നിലയ്ക്കു് ഒരിക്കൽകൂടി നന്ദി അഭ്യർത്ഥിച്ചുകൊള്ളുന്നു.

Dr. C.L. Joseph *(Irinjalakkuda):* I endorse the sentiments expressed by the Hon'ble Member.

മിസ്റ്റർ കോടനാട്ടു നാരായണൻ നമ്പൂതിരിപ്പാടു്: സർ, ഞാനും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോടു് യോജിച്ചു് അങ്ങയെ അനുമോദിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ബഹുമാനപ്പെട്ട സാമാജികന്മാർ എന്നിൽ ചൊരിഞ്ഞ അനുമോദനത്തിനും, അഭിനന്ദനത്തിനും, ആശീർവാദത്തിനും ഞാൻ ഹൃദയംഗമമായി നന്ദിപറഞ്ഞുകൊള്ളുന്നു. ഈ സ്ഥാനത്തേക്കു് എതിരില്ലാതെ എന്നെ തിരഞ്ഞെടുക്കപ്പെട്ടതിൽ എനിക്കു് അഭിമാനമുണ്ടു്. എന്നാൽ എന്നേക്കാൾ സുവ്യക്തമായോഗ്യരായ മെമ്പർമാർ ഈ നിയമസഭയിലുണ്ടു്. അവരിൽ ചിലരുടെ ത്യാഗമനോഭാവമാണു് എന്നെ ഈ സ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടതെന്നുള്ള വിശ്വാസവും എനിക്കുണ്ടു്. വ്യക്തിഗതമായി എന്നിലുള്ള ബഹുമതിയായിട്ടു് ഞാൻ ഇതിനെ കണക്കാക്കുന്നില്ല. അധഃകൃത വിഭാഗങ്ങളോടുള്ള നന്ദിയും, ന്യൂനപക്ഷതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു ഈ സഭസ്സു് ഇതിനകം സ്വീകരിച്ചിട്ടുള്ള സന്മനോഭാവവുംകൂടി ആയിട്ടാണു് ഞാൻ ഇതിനെ കണക്കാക്കുന്നതു്. ഇൻഡ്യയിൽ അങ്ങോളമിങ്ങോളം, കന്യാകുമാരി മുതൽ കാഷ്മീരംവരെ കോൺഗ്രസ്സു് ഗവണ്മെണ്ടിന്റെ കീഴിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും ഇതിനു പ്രേരണ നൽകീട്ടുണ്ടെന്നും ഞാൻ ഓർക്കുന്നു. ഈ സ്ഥാനത്തിരുന്നുകൊണ്ടു് എന്റെ കുമതല നിർവ്വഹിക്കുവാൻ നിങ്ങ

LIBRARY ARCHIVES Kerala Legislative Assembly